**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

സർക്കുലർ 02/2025 05.02.2025

## വിലങ്ങാട് പുനരധിവാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2024 ജൂലൈ 30ന് ചൂരൽമലയിലും വിലങ്ങാടും ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാദികൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് നിങ്ങളെ അറിയിക്കുന്നതിനാണ് ഞാനീ കത്തെഴുതുന്നത്.

ഈ പ്രകൃതി ദുരന്തത്തിൽ ഒട്ടേറെ പേർക്ക് ജീവനും വീടും സ്ഥലവും നഷ്ടപ്പെട്ടു. മുഖ്യധാര മാധ്യമങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും ശ്രദ്ധ മുഴുവൻ വയനാട്ടിലുണ്ടായ അതിഭീകര ദുരന്തത്തോടൊപ്പമായിരുന്നതിനാൽ വിലങ്ങാടുണ്ടായ ദുരന്തം പൊതുസമൂഹത്തിന്റെ മുമ്പിൽ വേണ്ടത്ര ശ്രദ്ധ നേടാതെ പോയിരുന്നു. ഈ അവസരത്തിൽ സഹായഹസ്തവുമായി ആദ്യം ഓടിയെത്തിയത് വിലങ്ങാട് പ്രദേശത്തുള്ള വൈദികരോടും ദൈവജനത്തോടുമൊപ്പം നമ്മുടെ രൂപത സംവിധാനങ്ങളായ സി.ഒ.ഡി.യും യുവജന പ്രസ്ഥാനവും തദ്ദേശവാസികളായ സന്നദ്ധ പ്രവർത്തകരുമായിരുന്നു.

ദുരിതബാധിതർക്ക് അടിയന്തിരമായി ആവശ്യമായിരുന്ന സാമ്പത്തിക സഹായവും ഭക്ഷണ സാധനങ്ങളും മറ്റും ഉടൻതന്നെ അവിടെ എത്തിച്ചുകൊടുക്കാൻ സാധിച്ചു. 11 വീടുകൾ പൂർണമായും 30 ൽ അധികം വീടുകൾ ഭാഗികമായും തകർന്നിരുന്നു. വളരെപ്പേരുടെ കൃഷിയിടങ്ങൾ പൂർണമായി ഒലിച്ചുപോയി. ഭവനവും കൃഷിയിടങ്ങളും നഷ്ടപ്പെട്ടവരുടെ പുനരധിവാസമായിരുന്നു നമ്മുടെ ഏക ലക്ഷ്യം. ഇക്കാര്യം ഞാൻ നിങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും എഴുതിയപ്പോൾ എല്ലാവരുടെയും നിർല്ലോഭമായ സഹകരണം നമുക്കു ലഭിച്ചു.

നമ്മുടെ രൂപതയിലെ ഇടവകകളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമായി നമുക്ക് ലഭിച്ചത് ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എഴുപത്തി ആറായിരത്തി മൂന്ന് രൂപയാണ് (1,95,76,003). ഇതിൽ ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ (1,32,94,903) നമ്മുടെ 111 ഇടവകകളിൽ നിന്നും ലഭിച്ചതാണ്. 41 വീടുകളാണ് നമുക്ക് നിർമ്മിച്ചു നൽകേണ്ടത്. മഞ്ഞക്കുന്ന് 30, വിലങ്ങാട് 9, പാലൂർ 2 എന്ന ക്രമത്തിലാണ് ഭവനങ്ങൾ നിർമ്മിക്കേണ്ടത്.

വിലങ്ങാട് പുനരധിവാസ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഉത്ഘാടനം 2024 ഡിസംബർ 20ന് കെ.സി.ബി.സി. പ്രസിഡന്റ് മാർ ബസേലിയോസ് കാർഡിനൽ ക്ലീമീസ് നിർവ്വഹിച്ചു. 3 കിടപ്പുമുറികളുള്ള 1000 ചതുരശ്ര അടി വിസ്തൃതിയുള്ള വീടുകളാണ് നിർമിച്ചു നല്കുന്നത്. സ്ഥലത്തിന് പുറമെ, വീടൊന്നിന് 15 ലക്ഷം രൂപയാണ് ചിലവ് വരിക. ഏകദേശം 8 കോടി 20 ലക്ഷം രൂപയാണ് നിർമാണപ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്നത്. കെ.സി.ബി.സി., സമർപ്പിത സമൂഹങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ, രൂപതകൾ, ഇടവകകൾ, വ്യക്തികൾ എന്നിവരുടെ സഹായം ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുമെന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ചാണ് പണികൾ പുരോഗമിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി നിങ്ങളെ അറിയിച്ചുകൊള്ളാം.

വിലങ്ങാട് ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന നിങ്ങളുടെ സന്മനസ്സിനും സഹകരണത്തിനും നന്ദി,

ഈശോയിൽ സ്നേഹപൂർവം,

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2025 ഫെബ്രുവരി 09-ാം തിയ്യതി വി. കുർബാന മധ്യേ വായിക്കുകയോ ഇതിന്റെ ഉള്ളടക്കം ദൈവജനത്തെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com